പോലീസ് വകുപ്പ്

കേരളം

**No. B1-72479/2024/CC**
സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
✉cpkkd.pol@kerala.gov.in
✆04952722673
തീയതി. 05-03-2025

**ലേല പരസ്യം**

കോഴിക്കോട് സിറ്റി , ജില്ലാ പോലീസ് ഓഫീസ് പരിസരത്തെ പോലീസ് കാൻറീൻ സമീപത്തുള്ള അപകടാവസ്ഥയിൽ നിലനിന്നിരുന്ന വട്ടമരം , ജില്ലാ കളക്ടർ & ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ ,കോഴിക്കോടിൻറെ അനുമതി ഉത്തരവിനെ തുടർന്ന് മുറിച്ചു മാറ്റിയിട്ടുള്ളതാണ് . പ്രസ്തുത മര തടികളുടെ വിൽപ്പന നടത്തുന്നതിനുള്ള ലേലം **15/03/2025 തിയ്യതി രാവിലെ 11** മണിയ്ക്ക് കൺട്രോൾ റൂം ഓഫീസ് പരിസരത്ത് വെച്ച് നടത്തുന്നതാണ് .

| ക്രമ നമ്പർ | മരം | മരത്തിൻറെ അളവ് |
|---|---|---|
| 1 | വട്ടമരം | അര മെട്രിക് ടൺ |

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.00 മണിയ്ക്ക് മുൻപായി നിരതദ്രവ്യമായി **73/- രൂപ** ( എഴുപത്തി മൂന്ന് രൂപ മാത്രം ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ് . കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ് . ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും ലേല തുകയുടെ 5 ശതമാനം വന വികസന നികുതിയും കൂടി അടവാക്കേണ്ടതാണ് . വന വികസന നികുതിയായി ഈടാക്കുന്ന തുക **"0406-01-101-96-00-00-FDT "** എന്ന ശീർഷകത്തിൽ അടച്ച അസ്സൽ രസീതി ഹാജരാക്കേണ്ടതാണ് . ടി രസീതി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ , വനം വകുപ്പ് ,കോഴിക്കോടിന് അയച്ചു കൊടുക്കുന്നതാണ് . ഈ കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ ലേലം കൊണ്ടയാൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ കൊണ്ട് പോകേണ്ടതും , മറ്റു മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ് . അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും . ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ട യാൾ നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും , ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും . അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായേക്കാവുന്ന നഷ്ടം മുൻ ലേല കാരനിൽ നിന്നും ഈടാക്കുന്നതും , മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ ,അർഹതയോ ഉണ്ടായിരിക്കുന്നതല്ല .

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 നും വൈകീട്ട് 4.00 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലേലം ചെയ്യാനുള്ള മരങ്ങൾ പരിശോധിക്കാവുന്നതാണ് . യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും . ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ

ബാധകമായിരിക്കും .

നാരായണൻ ടി ഐ പി എസ്
പോലീസ് കമ്മീഷണർ

സ്വീകർത്താവ് : ബോർഡ് അംഗങ്ങൾക്ക് അറിവിലേയ്ക്കും അനന്തര നടപടിയ്ക്കുമായി .

പകർപ്പ് : 1) ജില്ലാ ഇൻഫൊർമേഷൻ ഓഫീസർ ,കോഴിക്കോടിന് പത്ര പരസ്യം ചെയ്യുന്നതിനായി . 2) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും , ബറ്റാലിയൻ കമാണ്ടർമാർക്കും അറിവിലേയ്ക്കും വ്യാപക പരസ്യത്തിനുമായി . 3) കോഴിക്കോട് സിറ്റിയിലെ എല്ലാ SHO മാർക്കും വ്യാപക പരസ്യത്തിനായി . 4) സി .പി .ഓ , കാഷ്യർക്ക് അറിവിലേയ്ക്കും തുടർ നടപടിയ്ക്കുമായി .

Internal Administrative Processing System
iAPS
KERALA POLICE